അഞ്ച്

# സന്ധാനങ്ങളുടെ സാക്ഷ്യം

ഡോ. സുകുമാർ അഴീക്കോട്

ഏറെക്കുറെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യന്തങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ജീവിതമാണ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റേത്. ആ ജീവിതത്തിനിടയിൽ അദ്ദേഹം രണ്ടു നൂറ്റാണ്ടുകളെ മാത്രമല്ല മറ്റു ചിലതിനേയും കൂട്ടി യോജിപ്പിക്കുകയുണ്ടായി. ആത്മീയ ജീവിതത്തിന് ക്രൈസ്തവമതം സങ്കല്പിക്കുന്ന ഏറ്റവും ഉന്നതമായ ശിഖരങ്ങളിലേയ്ക്ക് അച്ചൻ ആരോഹണം ചെയ്തു വിജയിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാമിപ്പോഴുള്ളത്. അതിനിടയിൽ വേറെ ശിഖരങ്ങളിലും അദ്ദേഹം ആരോഹണം ചെയ്തിട്ടുണ്ടെന്നുള്ളത് നമ്മെ വിസ്മയിപ്പിക്കുന്നു. അക്കൂട്ടത്തിൽ ഏറ്റവും ഉയർന്ന ശൃംഖം സാഹിത്യത്തിന്റേതുതന്നെ. കേരളചരിത്രത്തിൽ ഒരു സന്ധാന ശതാബ്ദമായി (a century of fusion) അറിയപ്പെടുന്ന പത്തൊമ്പതാം ശതകത്തിൽ ജീവിച്ച ചാവറയച്ചന്റെ ജീവിതത്തിനിടയിൽ അദ്ദേഹം അനേകം സന്ധാനക്രിയകൾ നടത്തുകയുണ്ടായി. അച്ചന്റെ സാഹിത്യത്തിന്റെ സ്വഭാവം ഈ സന്ധാനമാണ്. അദ്ദേഹം *മതത്തെ സാഹിത്യസാൽക്കരിക്കയും സാഹിത്യത്തെ മതസാൽക്കരിക്കയും* ചെയ്തു. തന്റെ കവനരീതിയിൽ അച്ചൻ ഒതുക്കിച്ചേർത്ത സന്ധാനകർമ്മങ്ങൾ എന്തൊക്കെയാണെന്ന് താഴെ കാണിക്കാൻ ശ്രമിക്കുന്നു.

ചാവറയച്ചൻ മതത്തെ സാഹിത്യവിഷയമാക്കിയെന്നു പറഞ്ഞല്ലോ. മിസ്റ്റിക്കു കവികളുടെ സാഹിത്യപ്രവർത്തനം മതത്തിന്റെ സാഹിത്യാവിഷ്ക്കരണത്തിൽ അടങ്ങിയിരിക്കുന്നു. ആധ്യാത്മികാനുഭൂതികൾ സാഹിത്യാനുഭൂതിയിൽ പകർത്തുകയാണ്, *ആത്മാനുതാപം* എന്ന കൃതിയിൽ വിശേഷിച്ചും, അച്ചൻ ചെയ്തിട്ടുള്ളത്. യേശുവിന്റെയും മറിയത്തിന്റെയും കഥയുടെ ഊടിനോടൊപ്പം സ്വജീവിതാംശങ്ങളെ പാവുപോലെ കൂട്ടിച്ചേർത്ത് നല്ലൊരു ശില്പം അദ്ദേഹം നെയ്തുണ്ടാക്കിയിരിക്കുന്നു. ആത്മീയത സാഹിത്യമാകുമ്പോൾ സാഹിത്യം സ്വഭാവേന ആത്മീയ പരിമളം പ്രസരിപ്പിക്കുമല്ലോ.

പിച്ചകപ്പൂക്കളും ചെമ്പകപ്പൂക്കളും ഒരേ പൂവട്ടിയിൽ ഒരുക്കി വച്ചാൽ അവയുടെ ഗന്ധവിശേഷങ്ങൾ അന്യോന്യം കലരുന്നതുപോലെ ചാവറയച്ചന്റെ കൃതികളിൽ ആത്മീയവും സാഹിതീയവുമായ പരിമളം സമ്മിളിതമായി സ്ഫുരിച്ചുകാണുന്നു.

മലയാള സാഹിത്യത്തിൽ ഈ മതസാഹിത്യ സമ്മേളനത്തിന്റെ പുരസ്കർത്താക്കളായ കവികളിൽ എന്നും പ്രഥമഗണനീയനായ കവി തുഞ്ചത്തെഴുത്തച്ഛനാണല്ലോ. തന്റെ കൃതികളിൽ ശൈലിയിലും ഭാവനയിലും പ്രതിപാദനത്തിലും ചാവറയച്ചൻ കൂടുതൽ അനുസരിച്ചു കാണുന്നത് എഴുത്തച്ഛനെയാണ്. ഈശ്വരനെ *ആദ്യഹീനൻ, ആദിനായകൻ, കല്യാണരൂപൻ, സർവ്വേശ്വരൻ, പരാപരൻ, പതീനാംപതി* എന്നൊക്കെ വിശേഷിപ്പിക്കുന്നത് എഴുത്തച്ഛന്റെ പദകോശത്തിന്റെ പിൻഗാമിയായിട്ടാണ്.

*അനാദ്യ ഗുണനിധേ, സർവേശാപരാപരാ,*
*അനന്തദയാന്വിതാ സർവമംഗലദേവാ*
*അന്തമില്ലാത്തതിന്റെ കരുണാബ്ധിയാലെന്നെ*
*അന്തരിച്ചിടാതുള്ള സൃഷ്ടിയായ്ച്ചമച്ചല്ലോ*[1]

*ചെറുശ്ശേരിയുടെ* സംഗീതാത്മകതയോ കുഞ്ചന്റെ ജനകീയ ശൈലിയോ അല്ല എഴുത്തച്ഛന്റെ പ്രൗഢിയാണ് അച്ചനു പ്രിയപ്പെട്ടത് എന്നു സ്പഷ്ടമാണ്.

അലങ്കാരപ്രയോഗത്തിനു മിതത്വം പ്രകടിപ്പിക്കുന്ന ഈ കവി അവിടെയും ചെറുശ്ശേരിയെയല്ല എഴുത്തച്ഛനെ അനുസരിക്കുന്നുവെന്നത് വാദിച്ചു സമർത്ഥിക്കേണ്ട കാര്യമല്ല. ക്രിസ്തുവിന്റെ ജനനത്തെ വർണ്ണിക്കുമ്പോൾ

*മധ്യരാത്രിയാം നേരം മാർത്താണ്ഡദേവ പ്രഭ*
*മധ്യാഹ്നനേരം പോലെ പെയ്തുടൻ തൊഴുത്തതിൽ*

എന്ന *ആത്മാനുതാപത്തിലെ* ഭാവനയുടെ മിതശോഭ എഴുത്തച്ഛന്റെ അന്തേവാസിയായ ഒരു കവിക്കല്ലാതെ സുലഭമാവില്ല.

*മന്നിലുള്ളവയൊക്കെ സ്ഥൂലവുമസ്ഥൂലവും*
*മിന്നൽപ്പോൽ കടന്നീടുമെന്നു ഞാനോർത്തീടാതെ എന്നും*
*ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും*
*ഭേദംകൂടാതെ മാറി നീങ്ങുന്നു ക്ഷണേക്ഷണേ*
*ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ*
*മന്ദിച്ചു വളരുന്നു വാടുന്നു സൂര്യോഷ്ണത്താൽ*
*മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം*
*ഇച്ഛരയായതിനുള്ള ശോഭയും സുഗന്ധവും*
*എത്രയും ക്ഷണം കൊണ്ടു മാറിപ്പോയ് വീണിടുന്നു*
*ചിത്രമായതിനുള്ളോരഴകും മൊക്കെപ്പോകും*[2]

ഇവിടെയും എഴുത്തച്ഛന്റെ ചിന്താബന്ധുരവും പ്രൗഢഗംഭീരവുമായ ശൈലിയിൽ എഴുതുന്ന ഒരു കവിയെയാണ് നാം ദർശിക്കുന്നത്.

മലയാള കവിതയിൽ എഴുത്തച്ഛൻസരണിയെന്നും ചെറുശ്ശേരിസരണിയെന്നും വേർതിരിക്കാവുന്ന രണ്ടു വ്യക്തമായ രചനാപ്രസ്ഥാനങ്ങൾ ഉണ്ട്. ഇന്നും അവ വ്യാവർത്തിതങ്ങളായി തുടർന്നുപോരുന്നുമുണ്ട്. എഴുത്തച്ഛൻ സരണി ചിന്തയ്ക്കും ആദർശത്തിനും പ്രാധാന്യം കല്പിക്കയും അലങ്കാരം, ബാഹ്യസൗന്ദര്യപരത എന്നിവയെ ലഘൂകരിക്കുകയും ചെയ്യുന്ന പ്രസ്ഥാനമാണ്. മറിച്ചുള്ളതാണ് ചെറുശ്ശേരി പദ്ധതി. ചാവറയച്ചൻ തന്റെ ആത്മീയ പശ്ചാത്തലത്തിനു ചേർന്നവിധത്തിൽ എഴുത്തച്ഛന്റെ സരണിയെ അനുവർത്തിക്കുന്നു. കവിത കേവലം സൗന്ദര്യപക്ഷത്ത് പ്രവർത്തിച്ചാൽ പോരെന്നും സംസ്കാര പക്ഷത്തിന്റെ പ്രബോധകത്വം അത് ഏറ്റെടുക്കണമെന്നും ചാവറയച്ചൻ വിശ്വസിച്ചിരുന്നു. ഏതായാലും *ആത്മാനുതാപം* തുടങ്ങിയ കൃതികളിൽ ഈ പ്രബോധനത്തിന്റെ മുദ്ര തെളിഞ്ഞുനില്ക്കുന്നു.

കവി, ദേശീയ പാരമ്പര്യത്തെ എന്നപോലെ വൈദേശിക പാരമ്പര്യത്തെയും സ്വീകരിക്കണമെന്ന് ചാവറയച്ചൻ സ്വകൃതികൾ വഴി തെളിയിച്ചു. ഇതാണ് ചാവറയച്ചൻ ഉദ്ഘാടനം ചെയ്ത മറ്റൊരു സന്ധാനം. *ആത്മാനുതാപം* എന്ന പേരുതന്നെ കവിയുടെ ആത്മപരമായ രചനാ പ്രവണതയെ സൂചിപ്പിക്കുന്നു. ആത്മാംശത്തിനു ഊന്നൽ കൊടുക്കുന്നത് വൈദേശിക സാഹിത്യങ്ങളിൽ കൂടുതൽ വികസിതമായ ഒരു പ്രവണതയാണല്ലോ.

കൂടതൽ പഠനം അർഹിക്കുന്നവയാണ് ചാവറയച്ചന്റെ സാഹിത്യകൃതികൾ എല്ലാം തന്നെ. അവയിലൂടെ നിവർത്തിയ്ക്കപ്പെടുന്ന സന്ധാനങ്ങളാവട്ടെ പോയകാലസമൂഹത്തിന്റെ ചരിത്രസ്പന്ദങ്ങളെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

■

**പരാമർശ സൂചിക**

1. *ആത്മാനുതാപം* (11. 158>162)
2. *ആത്മാനുതാപം* (11. 304>316)